## (27.) കരുമ്പേക്കൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

കോഴഞ്ചേരിയിൽ നിന്ന് വിവിധ കാലഘട്ടങ്ങളിലായി നാരങ്ങാനം പ്രദേശത്തേക്ക് കുടിയേറിപ്പാർത്ത കുടുംബങ്ങൾ അവർ അംഗങ്ങളായിരുന്ന യാക്കോബായ/ഓർത്തഡോക്സ് സഭകളുടെ പള്ളികൾ സമീപത്തില്ലാതിരുന്നതിനാൽ മാർത്തോമ്മാ ഇടവകയിൽ ചേർന്നിരുന്നും 1930-ൽ പുനരൈക്യം നിലവിൽ വന്നതുമുതൽ കത്തോലിക്കാസഭയിൽ ചേരുവാനുള്ള അവസരം കാത്തിരിക്കുകയായിരുന്നു. കരുമ്പേക്കലൽ പ്രദേശത്ത് ഒരു മലങ്കര കത്തോലിക്കാ ഇടവക ഉണ്ടാകണമെന്ന് ആഗ്രഹിച്ച ചിലർ തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിനെ പലപ്രാവശ്യം സമീപിച്ച് തങ്ങളുടെ ആഗ്രഹം അറിയിച്ചു. എന്നാൽ വൈദികരുടെ കുറവുമൂലം പുതിയ ഇടവക തത്കാലം അനുവദിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് പിതാവ് അറിയിച്ചു. അന്ന് കടമ്മനിട്ട ഗീവർഗീസ് കുറ്റിയിൽ അച്ചനെ സമീപിച്ച് ആഗ്രഹം അറിയിച്ചു. കടമ്മനിട്ട, വല്യയന്തി, വയലത്തല, തോന്ന്യാമല എന്നി നാല് ഇടവകകൾക്കുപുറമേ കരുമ്പേക്കൽ ഇടവക അനുവദിച്ചാൽ അതിന്റേയും വികാരിയായിരിക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. കുന്നും മലയും നിറഞ്ഞതും കലോമീറ്ററുകൾ അകലെയുള്ളതും സഞ്ചാരയോഗ്യമായ വഴികൾ ഇല്ലാത്തതുമായ അഞ്ച് ഇടവകയുടെ ചുമതല ഏറ്റെടുക്കാൻ തയ്യാറായ അച്ചന്റെ ത്യാഗമനോഭാവവും സഭാസ്നേഹവും ദൈവാശ്രയവും എക്കാലവും സ്മരിക്കപ്പെടും.

**1956-ൽ ഇടവക സ്ഥാപന**ത്തിനായി മുൻകൈ എടുത്തു പ്രവർത്തിച്ചവരുടേയും അവരോടൊപ്പം കാത്തിരുന്നവരുടേയും ആഗ്രഹം സഫലമായി. അഭിവന്ദ്യ പിതാവ് അദ്ദേഹം ആർച്ചുബിഷപ്പായി അവരോധിക്കപ്പെട്ടതിന്റെ ഒന്നാം വാർഷികത്തിൽ തന്നെ കരുമ്പേക്കൽ ഇടവക അനുവദിച്ചുതന്നു. ഇടവക സ്ഥാപനത്തിനുവേണ്ടി അശ്രാന്തം പരിശ്രമിച്ച **താളിക്കുഴിയിൽ ജോൺ, മുള്ളൻമുരുപ്പേൽ തോമസ്, മുളമൂട്ടിൽ കാലായിൽ ചെറിയാൻ ഫീലിപ്പോസ്** എന്നിവരായിരുന്നു.

1956-ൽ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവ് കരുമ്പേക്കൽ പ്രദേശത്ത് എത്തി. ആലുങ്കൽ ജംഗ്ഷനിൽ നിന്നും അതിമനോഹരമായ സ്വീകരണം നല്കിയാണ് അദ്ദേഹത്തെ കരുമ്പേക്കലിലേക്ക് സ്വീകരിച്ചത്. സമീപ ഇടവകകളായ കടമ്മനിട്ട, വയലത്തല, വല്യയന്തി, തോന്ന്യാമല, ഇലന്തൂർ, നാരങ്ങാനം തുടങ്ങീയ ഇടവകയിൽ നിന്നുള്ളവരെ കൂടാതെ പ്രദേശവാസികളും സ്വീകരണ ജാഥകളിൽ പങ്കെടുത്തു. തുടർസമ്മേളന സ്ഥലമായ താളിക്കുഴിയിൽ റ്റി.കെ.ജോൺ സാറിന്റെ പുരയിടത്തിൽ ഒരുക്കിയ പന്തലിൽ എത്തിചേർന്ന പിതാവ് അവിടെ വച്ച് 30 ഓളം കുടുംബങ്ങളെ മൂറോൻ അഭിഷേകം നടത്തി മലങ്കര കത്തോലിക്കാസഭയിലേക്ക് സ്വീകരിച്ചു. ഇടവകയ്ക്ക് സ്വന്തമായി പള്ളി ഇല്ലാതിരുന്നതിനാൽ കുറച്ചുനാളത്തേക്ക് ജോൺസാറിന്റെ വീട്ടിൽവെച്ചാണ് ആരാധനകൾ നടത്തിയിരുന്നത്.

1957-ൽ നെല്ലിക്കാല-ആലുങ്കൽ റോഡുസൈഡിൽ 55 സെന്റ് സ്ഥലം 1250 രൂപവിലകൊടുത്തുവാങ്ങിച്ചു, അവിടെയുണ്ടായിരുന്ന ചെറിയ വീട് പരിഷ്കരിച്ച് ചാപ്പലാക്കി. ആ വർഷത്തിൽതന്നെ അഭിവന്ദ്യ പിതാവ് ചാപ്പൽ കൂദാശ ചെയ്തു. സ്വർഗ്ഗാരോപണരാജ്ഞി എന്നായിരുന്നു പള്ളിയുടെ പേര്, എന്നാൽ പിൽക്കാലത്ത് അത് സെന്റ് മേരീസ് എന്നാക്കിമാറ്റി.

ആരംഭകാലത്ത് ഭക്തിനിർഭരമായ ഒരു ഇടവകയായിരുന്നു ഇത്. ലീജിയൻ ഓഫ് മേരി, വിവിധ ഭക്തസംഘടനകൾ, സണ്ടേസ്കൂൾ, പ്രാർഥനായോഗങ്ങൾ എന്നിവ സജ്ജീവമായി മുന്നേറി. ഒന്നിടവിട്ട ആഴ്ചകളിലാണ് വിശുദ്ധ കുർബാന നടത്തിയിരുന്നു. വിശുദ്ധ കുർബാന ഇല്ലാതിരുന്ന ഞായറാഴ്ചകളിൽ ഒരുമിച്ച് പ്രഭാതപ്രാർത്ഥന നടത്തി, റ്റി.കെ.ജോൺ, മത്തായി എം.എം., സി.എ.തോമസ്, റ്റി.ജെ.മാത്യു, ഏലിയാമ്മ ജോൺ താളിക്കുഴി, അന്നമ്മ മത്തായി മുള്ളൻമുരുപ്പേൽ, അന്നമ്മ ജോർജ്ജ് തെള്ളീരേത്ത് പുത്തൻവീട്ടിൽ, തങ്കമ്മ ഏബ്രഹാം ചുട്ടിപ്പാറയിൽ തുടങ്ങിയവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി.

1957-ൽ തന്നെ നാരങ്ങാനം സെന്റ് തോമസ് മാർത്തോമ്മാപള്ളിയുടെ തൊട്ടടുത്ത് നെല്ലിക്കാല-മണ്ണാറക്കുളഞ്ഞി റോഡരികിൽ കുന്നിൻചരുവിൽ 75 സെന്റ് സ്ഥലം 750 രൂപയ്ക്കുവാങ്ങി സെമിത്തേരിക്കായി ഉപയോഗിക്കുന്നു.

ഏകദേശം 30 വർഷങ്ങൾക്കുശേഷം ഫാ. മാത്യു ഇലഞ്ഞിക്കൽ വികാരിയായിരുന്ന സമയത്ത് ചാപ്പൽ പുതുക്കിപ്പണിയേണ്ടിവന്നു. ഇടവകയിൽ നിന്നും അരമനയിൽ അറിയിച്ച പ്രകാരം 1987-ൽ അഭിവന്ദ്യ പിതാവ് ഇടവക സന്ദർശിച്ചു. ഇടവകാംഗങ്ങളുടെ സജ്ജീവ സഹായം ഉണ്ടായാൽ മനോഹരമായ ഒരു കൊച്ചുദേവാലയം പണിതുതരാമെന്ന് പിതാവ് അറിയിച്ചു. പള്ളിപണിയുവാനായി അരമനയിൽ നിന്നും പ്രൊക്കുറേറ്റർ മാത്യു ആലുമൂട്ടിൽ അച്ചനും മേസ്തിരിയും കൂടി 1987 ജൂൺ 8-ന് ഇടവകയിൽ എത്തി, പള്ളിപണി ആരംഭിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നല്കി. 1987 ജൂലൈ 13-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് വികാരി മാത്യു ഇലഞ്ഞിക്കൽ കല്ലീടീൽ കർമ്മം നടത്തി. 1987 ഡിസംബർ 21-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് കർമ്മം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് നിർവ്വഹിച്ചു.

ജോസഫ് പുത്തൻകളം അച്ചൻ വികാരിയായിരുന്ന സമയത്ത് മുള്ളൻമുരുപ്പേൽപടിയിൽ ഒരു കുരിശടി വിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ നാമത്തിൽ സ്ഥാപിച്ചു. പള്ളിക്ക് കിഴക്കുഭാഗത്ത് ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശടി പുതുക്കിപണിതു. സജി മാടമണ്ണിൽ അച്ചൻ വികാരിയായിരുന്നപ്പോൾ മെയിൻ റോഡിൽ നിന്ന് പള്ളിമുറ്റത്തേക്ക് വഴിയും വഴിയുടെ ഇരുവശത്തും വിശുദ്ധ യൂദാശ്ലീഹായുടേയും വിശുദ്ധ ഗീവർഗീസ് സഹദായുടേയും നാമത്തിൽ കുരിശടികൾ സ്ഥാപിക്കുകയും, പള്ളിയുടെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്തു.

ജയിംസ് ഇലഞ്ഞിക്കൽ അച്ചൻ വികാരിയായിരുന്നപ്പോൾ പള്ളിയുടെ മേൽക്കൂര പുതുക്കി ഷീറ്റിട്ടു, സീലിംഗ് ചെയ്തു, പള്ളിയുടെ അടിത്തറയും ഭിത്തിയും ഒഴികെ ബാക്കിയെല്ലാം പുതുക്കി ഇന്നത്തെ നിലയിലാക്കി. ഏബ്രഹാം മണ്ണിലച്ചൻ വികാരിയായിരുന്നപ്പോൾ വെസ്ടി പണികഴിപ്പിച്ചു. ബിനോയി അച്ചൻ പള്ളിയുടെ പുരയിടം കയ്യാലകെട്ടുകയും സെമിത്തേരിക്ക് പ്രവേശന കവാടത്തിൽ ഗേറ്റിട്ടു.

ഇടവകയിൽ ഇപ്പോൾ 21 കുടുംബങ്ങൾ ഉണ്ട്. ഇടവകയുടെ എല്ലാ ഭക്തസംഘടനകളും വളരെ കൃത്യമായി മുന്നോട്ടുപോകുന്നു. താളിക്കുഴിയിൽ ലാലിമാത്യു മാഹാണിമല ജംഗ്ഷനടുത്ത് മെയിൻ റോഡുസൈഡിൽ 50 സെന്റ് സ്ഥലം ദാനമായി നല്കിയിട്ടുണ്ട്.

**ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. ഗീവർഗീസ് കുറ്റിയിൽ | - | 1956-1959 |
| 2. ഫാ. ഏബ്രഹാം തെക്കേടത്ത് | - | 1959-1963 |
| 3. ഫാ. ജോസഫ് വാഴപ്പിള്ളേത്ത് | - | 1963-1965 |
| 4. ഫാ. ജോൺ പുത്തൻവിളയിൽ | - | 1965-1969 |
| 5. ഫാ. ജേക്കബ് ജോൺ | - | 1969-1975 |
| 6. ഫാ. ജോർജ്ജ് പുറത്തൂട്ട് | - | 1975-1981 |
| 7. ഫാ. ജോസഫ് താഴത്തുവീട്ടിൽ | - | 1981-1985 |
| 8. ഫാ. മാത്യു ഇലഞ്ഞിക്കൽ | - | 1985-1987 |
| 9. ഫാ. മാത്യു വാഴപ്പിള്ളേത്ത് | - | 1993-1996 |
| 10. ഫാ. സഖറിയാസ് കുഴിപ്പറമ്പിൽ | - | 1996-1999 |
| 11. ഫാ. ജോഷ്വാ പീടികയിൽ | - | 1999 |
| 12. ഫാ. സി.സി.ജോൺ ചരിവുപുരയിടത്തിൽ | - | 1999-2000 |

13. ഫാ. സാമുവേൽ തോപ്പിൽ - 2000 - 2004

14. ഫാ. ജോസഫ് പുത്തൻകളം - 2004 - 2009

15. ഫാ. സജി മാടമണ്ണിൽ - 2010 - 2014

16. ഫാ. ഏബ്രഹാം മണ്ണിൽ - 2014 - 2017

17. ഫാ. ജോബ് പതാലിൽ - 2017 - 2018

18. ഫാ. ജോൺ അച്ചുതപ്പറമ്പിൽ - 2017 - 2018

19. ഫാ. ജയിംസ് ഇലഞ്ഞിക്കൽ - 2018 - 2019

20. ഫാ. തോമസ് നെടുമാങ്കുഴിയിൽ (അസി.) - 2019

21. ഫാ. റോണി ബാബു കിഴക്കേടത്ത് (അസി.) - 2019

20. ഫാ. ബിനോയി പുതുപ്പറമ്പിൽ - 2019